# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 528 — 26.03.2018 -ൽ മറുപടിക്ക്

### സാമൂഹിക ജീവിത പാഠങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റോജി എം. ജോൺ**<br>**ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ** | പ്രൊഫ : സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) മികവുറ്റ വിദ്യാഭ്യാസത്തോടൊപ്പം ആരോഗ്യകരമായ സാമൂഹിക ജീവിത പാഠങ്ങൾ കൂടി കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള പദ്ധതി വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ; | എ) മികവുറ്റ വിദ്യാഭ്യാസത്തോടൊപ്പം ആരോഗ്യകരമായ സാമൂഹിക ജീവിത പാഠങ്ങൾ കൂടി കുട്ടികളെ പഠിപ്പിക്കുന്നതിനായി ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ സയൻസ്, സാമൂഹ്യശാസ്ത്രം ഭാഷാവിഷയങ്ങൾ എന്നീ പാഠപുസ്തകങ്ങളിൽ ആരോഗ്യപരമായ സാമൂഹ്യജീവിത പാഠങ്ങൾ കുട്ടികളിലെത്തുന്ന തരത്തിലുള്ള ആശയങ്ങൾ ഉൾചേർത്തിട്ടുണ്ട്. കൂടാതെ അടുത്ത അദ്ധ്യയന വർഷത്തേയ്ക്കായി ഇത്തരം വിഷയങ്ങൾ ഉൾപ്പെടുത്തി പൊതുവിൽ ക്ലാസ് മുറികളിൽ ഉപയോഗപ്പെടുത്താവുന്ന 10 റഫറൻസ് പുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി യിട്ടുണ്ട്. കൂടാതെ ജീവിത നൈപുണ്യ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലേക്കായി 'ഉല്ലാസപറവകൾ' എന്ന പുസ്തകങ്ങൾ തയ്യാറാക്കി യിട്ടുണ്ട്. |
| ബി) മദ്യത്തിനും മയക്കുമരുന്നിനും എതിരായ അവബോധം കുരുന്നു പ്രായത്തിൽ തന്നെ കുട്ടികളിൽ എത്തിക്കുന്നതിനും അതിന്റെ ദോഷഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുന്നതിനുമുള്ള പാഠഭാഗങ്ങൾ ആവിഷ്കരിക്കുമോ; | ബി) മദ്യത്തിനും മയക്കുമരുന്നിനും എതിരായ അവബോധം കുരുന്നു പ്രായത്തിൽ തന്നെ കുട്ടികളിൽ എത്തിക്കുന്നതിനും അതിന്റെ ദോഷഫലങ്ങളെ ക്കുറിച്ച് അവരെ ബോധവാൻമാരാക്കുന്നതിനുമായി ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ സയൻസ്, സാമൂഹ്യശാസ്ത്രം ഭാഷാവിഷയങ്ങൾ എന്നീ പാഠപുസ്തകങ്ങളിൽ ഇത്തരത്തിലുള്ള ആശയങ്ങൾ ഉൾചേർത്തിട്ടുണ്ട്. കൂടാതെ അടുത്ത അദ്ധ്യയന വർഷത്തേക്കായി ഇത്തരം വിഷയങ്ങൾ ഉൾപ്പെടുത്തി ക്ലാസ് മുറികളിൽ ഉപയോഗപ്പെടുത്താവുന്ന 10 |

റഫറൻസ് പുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്.

സി) കുട്ടികളിൽ സാമൂഹിക അച്ചടക്കവും എതിർ ലിംഗക്കാരായ കുട്ടികളോടുള്ള ആദരവും വളർത്തുന്ന വിധത്തിലുള്ള പാഠ്യപദ്ധതികൾ ഹൈസ്കൂൾ തലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിലുള്ള പാഠഭാഗം തയ്യാറാക്കുവാൻ എസ്.സി.ഇ.ആർ.റ്റി. യ്ക്ക് നിർദ്ദേശം നൽകുമോ?

സി) സാമൂഹ്യഅച്ചടക്കവും എതിർലിംഗക്കാരായ കുട്ടികളോടുള്ള ആദരവ് പ്രകടമാക്കുന്നതുമായ പാഠഭാഗങ്ങൾ ഉൾപ്പെടുത്തുന്നതിലുപരി നിലവിലുള്ള പാഠപുസ്തകങ്ങളിലും അദ്ധ്യാപക സഹായികളിലും ലിംഗതുല്യത ഉറപ്പുവരുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകുന്നതിന് അതീവ ശ്രദ്ധ പുലർത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ